
പൂർണ്ണമായും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ് ദ്വീപുകൾ. ലോകത്തിലെ ഓരോ ദ്വീപുകളും ഓരോ അൽഭുതങ്ങളാണ്. ലോകത്തിലാകമാനം ഒരു ലക്ഷത്തിലധികം ദ്വീപുകളുണ്ടെന്നാണ് കണക്ക്. അൽഭുതകരമായ ചില ദ്വീപുകളെ കുറിച്ചറിയൂ..

മജീദ് കുട്ടമ്പൂർ

# അൽഭുത ദ്വീപുകൾ



## പാമ്പുകൾ മാത്രം വാഴുന്ന ദ്വീപ്


കൊടും വിഷം ഊതി ആകാശത്തിലൂടെ പറക്കുന്ന പറവകളെപ്പോലും കൊല്ലുന്ന ഭീകര പാമ്പുകൾ വസിക്കുന്ന ‘സ്നേക് ഐലന്റ്’ എന്ന് വിളിക്കപ്പെടുന്ന പാമ്പുകളുടെ ഒരു ദ്വീപുണ്ട്. ‘ഇൽഹാ ഡേ ക്വീമാഡ ഗ്രാൻഡെ’ എന്നാണ് യഥാർത്ഥ പേര്. ബ്രസീലിലെ സാവോ പോളോയിൽ നിന്നും അൽപം വിട്ടുമാറി നിൽക്കുന്ന മനുഷ്യവാസമില്ലാത്ത ഈ ദ്വീപിൽ പാമ്പുകൾക്ക് മാത്രമാണ് ആധിപത്യം. 544 ചതുരശ്ര കിലീമീറ്റർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഇവിടേക്കുള്ള സന്ദർശനം ബ്രസീലിയൻ സർക്കാർ വിലക്കിയിട്ടുണ്ട്. ദേശാടനപ്പക്ഷികളെ പോലും വിഷം ചീറ്റിപ്പിടിക്കാൻ ശേഷിയുള്ള പാമ്പുകളാണ് ഇവിടത്തെ മരങ്ങളിൽ വസിക്കുന്നത്.

ലോകത്തിലെ ഏറ്റവും ഭയപ്പെടേണ്ട വിഷപ്പാമ്പുകളിലൊന്നായ സ്വർണത്തലയൻ അണലി (ഗോൾഡൻ ലാൻസ് ഹെഡ് വൈപ്പറുകൾ) കാണപ്പെടുന്ന ഒരേയൊരു ഇടമാണിത്. ഇവയുടെ കടിയേറ്റാൽ നിമിഷങ്ങൾക്കകം മരണം ഉറപ്പാണ്. 544 ചതുരശ്ര കിലോമീറ്റർ മാത്രം വലുപ്പമുള്ള ഈ ദ്വീ

നക്ഷത്രങ്ങളിലേക്കുള്ള ദൂരം പ്രസ്താവിക്കുന്ന യൂണിറ്റ്– പ്രകാശ വർഷം

പിൽ ഒരു ചതുരശ്ര കിലോ മീറ്ററിൽ അയ്യായിരം പാമ്പുകളെ കാണാനാവും. ഇരുപത് ലക്ഷത്തിലധികം പാമ്പുകൾ ഈ ദ്വീപിലുണ്ടെന്നാണ് കണക്ക്.

മനുഷ്യവാസമില്ലാത്ത ഈ ദ്വീപ് അറിയപ്പെടുന്നത് തന്നെ പാമ്പുകളുടെ ദ്വീപ് എന്നാണ്. ഓരോ വർഷവും വൻ ഒരുക്കങ്ങളോടെ ഏതാനും ശാസ്ത്രജ്ഞരും നേവിക്കാരും ഒക്കെ പരീക്ഷണത്തിനെത്താറുണ്ട്. 1909- ൽ ആണ് ഇവിടെ ലൈറ്റ് ഹൗസ് സ്ഥാപിച്ചത്. അതിന്റെ മേൽനോട്ടത്തിനായി നിയോഗിച്ച ജീവനക്കാരെല്ലാം പാമ്പ് കടിയേറ്റ് മരിച്ചതിനാൽ പിന്നീട് ജീവനക്കാരെ നിയോഗിക്കാറില്ല. അതിനാൽ ദൂരെ നിന്ന് നോക്കുമ്പോൾ മനോഹരമാണെങ്കിലും അങ്ങോട്ട് ആരും അടുക്കാറില്ല.



## ക്രിസ്മസ് ദ്വീപ്

ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന ഒരു ചെറുദ്വീപ് ആണ് ക്രിസ്മസ് ദ്വീപ്. ആസ്ത്രേലിയയുടെ അധികാര പരിധിയിലാണ് ഈ ദ്വീപ്. ഫ്ളയിംഗ് വിഷ് കോവ് ആണ് ഏറ്റവും വലിയ നഗരവും തലസ്ഥാനവും. 1643 ഡിസംബർ 25 ക്രിസ്മസ് ദിനത്തിൽ ഇവിടെയെത്തിയ ബ്രിട്ടീഷ് നാവികനായ വില്യം മൈനോഴ്സ് ആണ് ഈ ദ്വീപിന് ക്രിസ്മസ് ദ്വീപ് എന്ന പേര് നൽകിയത്. 1945-ലാണ് ദ്വീപിന്റെ അവകാശം ബ്രിട്ടൻ ആസ്ത്രേലിയക്ക് നൽകിയത്. ഇംഗ്ലീഷ് ആണ് ഇവിടുത്തെ ഔദ്യോഗിക ഭാഷ.

നിരവധി ജന്തുക്കളും സസ്യങ്ങളുമടങ്ങിയ ഇവിടം ജൈവവൈവിധ്യത്തിന്റെ ഈറ്റില്ലമാണ്. ലോകത്ത് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ചുവന്ന ഞണ്ടുകളാണ് ഇതിൽ പ്രധാനം. പലയിടങ്ങളിൽ പാർക്കുന്ന ലക്ഷക്കണക്കിന് ചുവന്ന ഞണ്ടുകൾ ഒരേ സമയത്ത് ഒന്നിച്ച് പ്രജനനത്തിനായി കടൽത്തീരത്തേക്ക് നീങ്ങുന്നത് ചുവന്ന പരവതാനി പോലെ തോന്നിക്കും. ഞണ്ട് യാത്രക്ക് മേൽപ്പാലങ്ങൾ വരെ പണിതിട്ടുണ്ട്. അഞ്ഞൂറ് ലക്ഷത്തോളം ചുവന്ന ഞണ്ടുകൾ ഇവിടെയുണ്ടെന്നാണ് ജന്തുശാസ്ത്രജ്ഞൻമാർ പറയുന്നത്.

പടിഞ്ഞാറൻ ആസ്ത്രേലിയൻ സംസ്ഥാനമായ പെർത്തിൽ നിന്ന് 2600 കിലോമീറ്റർ കിഴക്കു പടിഞ്ഞാറായാണ് ഈ ദ്വീപ് സ്ഥിതിചെയ്യുന്നത്. മനോഹരമായ കടൽത്തീരവും മഴക്കാടുകളും 42-ഓളം ഗുഹകളുമുള്ള ക്രിസ്മസ് ദ്വീപിന്റെ 62 ശതമാനവും ആസ്ത്രേലിയ ദേശീയോദ്യാനമായി പ്രഖ്യാപിച്ചിട്ടുണ്ട്. 2000-ത്തിൽ താഴെ ആളുകൾ മാത്രം വസിക്കുന്ന ഇവിടത്തെ ഭരണകർത്താവ് ആസ്ത്രേലിയ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്ററാണ്.

## അണുവായുധങ്ങളുടെ ദ്വീപ്

1946-നും 1958-നും ഇടയിൽ അമേരിക്ക അറുപത്തഞ്ചോളം ആറ്റംബോംബ്



പ്രാഥമിക വർണങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന നിറം- വെളുപ്പ്

സ്ഫോടന പരീക്ഷണങ്ങൾ നടത്തിയ പെസഫിക് സമുദ്രത്തിലെ മാർഷൽ ദ്വീപുകളുടെ ഭാഗമായ ബിക്കിനി ദ്വീപ് അണുവായുധങ്ങളുടെ ദ്വീപ് ആണ്. ഹിരോഷിമയിൽ വർഷിച്ച അണുബോംബിനെക്കാൾ ആയിരം മടങ്ങ് അധികശേഷിയുള്ള ബോംബുകളായിരുന്നു മാർഷൽ ദ്വീപിൽ പരീക്ഷിച്ചത്. 1946– ൽ ആദ്യ പരീക്ഷണം നടത്തിയതുമുതൽ ബിക്കിനി ദ്വീപ് തദ്ദേശീയർക്ക് നഷ്ടമായി. മാനവരാശിക്ക് ഉപകാരപ്രദമായിത്തീരുന്ന ഒരു കൂട്ടം പരീക്ഷണങ്ങൾക്കായി എന്ന് പറഞ്ഞാണ് 160– ഓളം വരുന്ന ദ്വീപ് വാസികളെ മറ്റൊരു സമീപ ദ്വീപിലേക്ക് മാറ്റിയത്. തിരിച്ച് കൊണ്ടുവരാമെന്ന ഉറപ്പിലായിരുന്നു ഇവരെ അവിടെ നിന്ന് മാറ്റിത്താമസിപ്പിച്ചതെങ്കിലും പിന്നീട് തന്ത്രപൂർവ്വം മറ്റ് ഇടങ്ങളിലേക്ക് മാറ്റിത്താമസിപ്പിച്ചു കൊണ്ടിരുന്നു.

ബോംബ് പരീക്ഷണങ്ങളുടെ പ്രത്യാഘാതങ്ങളും ദുരന്തങ്ങളും സമീപ ദ്വീപുകളിലേക്കും വ്യാപിച്ചു.


രണ്ടാം ലോക മഹായുദ്ധത്തിൽ തോറ്റപ്പോൾ ജപ്പാൻ അമേരിക്കക്ക് കൈമാറിയ മാർഷൽ ദ്വീപുകളിൽ മനുഷ്യവാസമുള്ള ഒന്നായിരുന്നു ബിക്കിനി ദ്വീപ്.

എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടിപ്പോഴും ഹൈഡ്രജൻ ബോംബ് പരീക്ഷണം മൂലമുള്ള റേഡിയേഷൻ ആ ദ്വീപിലുണ്ട്.

ഐസ്‌ലന്റിന്റെ തെക്കൻ തീരത്ത് സർട്ട് സീ എന്ന് വിളിക്കുന്ന ഒരു ദ്വീപ് ഉണ്ട്. കടലിന്റെ അടിത്തട്ടിൽ വർഷങ്ങളോളമുള്ള അഗ്നിപർവ്വത സ്ഫോടനത്തെത്തുടർന്ന് ഉയർന്നു വന്ന ദ്വീപ് ആണിത്. കടലിനടിയിൽ 130 മീറ്റർ താഴെയായി ഒളിഞ്ഞിരിക്കുന്ന അഗ്നിപർവ്വതങ്ങളിലൊന്നാണ് ഈ ദ്വീപിന്റെ പിറവിക്ക് കാരണം. അഗ്നി പർവ്വതത്തിൽ നിന്നുള്ള ലാവയും ചാരവുമെല്ലാം കടൽപ്പരപ്പിലേക്ക് ഉയർന്ന് വന്ന് അടിഞ്ഞുകൂടിയാണ് ഈ ദ്വീപ് ഉണ്ടായത്.

## അഗ്നിപർവ്വതം പൊട്ടിത്തെറിച്ചുണ്ടായ ദ്വീപ്

1963 നവംബർ 14–നാണ് ഇത് കടലിന് മുകളിലേക്ക് പ്രത്യക്ഷപ്പെട്ടത്. ഇന്നേവരെ മനുഷ്യസ്പർശമേൽക്കാത്ത ദ്വീപ് എന്നതായിരുന്നു അതിന്റെ കൗതുകം. രണ്ട് വർഷത്തിനകം അവിടെ ചെടികൾ മുളക്കുകയും പായൽ നിറയുകയും ചെയ്തു. 2008 ആയപ്പോഴേക്കും അവിടെ 69 ഇനം ചെടികളുണ്ടായി. വർഷങ്ങൾ കടന്നുപോകുന്നതിനിടയിൽ അവിടെ വീണ്ടും പുതിയ ചെടികൾ നിറയുന്നുണ്ട്. താമസം വിലക്കപ്പെട്ട ഈ ദ്വീപിൽ ശാസ്ത്രജ്ഞൻമാർ പലപ്പോഴും എത്തിച്ചേരാറുണ്ട്.



## വിത്ത് ബാങ്ക് ദ്വീപ്

നോർവ്വെയിൽ നിന്ന് ഏകദേശം ആയിരം കിലോമീറ്റർ വടക്ക് ഒഴിഞ്ഞ സ്ഥലത്ത് സ്വാൽബാർഡ് എന്ന സ്ഥലത്തുള്ള നാല് ദ്വീപ്സമൂഹത്തിലെ മഞ്ഞ് മൂടിക്കിടക്കുന്ന ദ്വീപാണ് സ്പിറ്റ്സ് ബർജൻ. ഈ ദ്വീപിലെ കുന്നിന്റെ മുകളിലാണ് ലോക വിത്ത് നിലവറ നിലകൊള്ളുന്നത്. ഈ ദ്വീപിൽ ഒരു ചുണ്ണാമ്പ് കല്ല് മല 120 മീറ്റർ ഉള്ളിലേക്ക് തുരന്നാണ് വിത്ത് നിലവറ നിർമ്മിച്ചത്. ഭൂമിയിലെ വിത്തുകളെല്ലാം ലോകാവസാനം വരെ കേട്വരാതെ സൂക്ഷിക്കുകയാണ് ഇതിന്റെ ലക്ഷ്യം. സ്വാൽബാർഡ് ഗ്ലോബൽ സ്വീഡ് വാൾട്ട് എന്നാണിതിന്റെ

പ്രാഥമിക വർണങ്ങൾ– പച്ച, നീല, ചുവപ്പ്

പേര്. നോര്‍വ്വെ സര്‍ക്കാരിന്റെ നിയന്ത്രണ ത്തില്‍ 2008 ഫെബ്രുവരി 26-നാണ് ഈ സംവിധാനം ഔദ്യോഗികമായി തുറന്നത്.

90 ലക്ഷത്തിലധികം വിത്ത് സാമ്പി ളുകള്‍ ഇവിടെ സൂക്ഷിച്ചിട്ടുണ്ട്. കടലില്‍ നിന്ന് 430 അടി ഉയരത്തിലാണിത്. ജീവ നക്കാരോ സെക്യൂരിറ്റിക്കാരോ ഇല്ലാത്ത ഇവയുടെ പ്രവര്‍ത്തനങ്ങള്‍ നിയന്ത്രിക്കു ന്നത് കമ്പ്യൂട്ടറുകളാണ്. റിമോട്ട് സെന്‍ സിംഗ് ക്യാമറയിലൂടെയാണ് വിത്തുകളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നത്. വിത്തു കള്‍ ഈര്‍പ്പം ഉള്ളില്‍ കടക്കാത്തവിധം പാക്കറ്റുകളിലാക്കി മെറ്റല്‍ റാക്കുകളില്‍ അടുക്കിവെച്ചിരിക്കുന്നു. വൈദ്യുതി നഷ്ട മായാല്‍ പോലും ആയിരം വര്‍ഷത്തോളം വിത്തുകള്‍ കേടുകൂടാതെ ഇവിടെ സൂക്ഷി ക്കാമത്രെ. ഒരു ലക്ഷത്തോളം വിത്തുകള്‍ നല്‍കി ഇന്ത്യയും വിത്ത് ബാങ്കിന്റെ ഭാഗ മായിട്ടുണ്ട്.



## തടവറ ദ്വീപ്

അമേരിക്കയിലെ കാലിഫോര്‍ണിയ യില്‍ സാന്‍ഫ്രാന്‍സിസ്കോ തീരത്തു നി ന്ന് ഒന്നേകാല്‍ മൈല്‍ അകലെ കടലിലെ ഒരു കൊച്ചു ദ്വീപ് ആണ് ആല്‍കാട്രാസ്. 1868-ല്‍ യു.എസിന്റെ ആര്‍മി മിലിറ്ററി ജ യില്‍ ഇവിടെ സ്ഥാപിച്ചതു മുതല്‍ അമേ രിക്കന്‍ ആഭ്യന്തര തടവുകാരെ ഇവിടെ പാര്‍പ്പിച്ചുവന്നു. ലോകത്തിലെ ഏറ്റവും കുപ്രസിദ്ധമായ ജയിലുകളിലൊന്നായ ഇ വിടെ തടവുകാര്‍ക്കെതിരെ കൊടും ക്രൂര തകളാണ് നടന്നത്.

1933-ല്‍ യു.എസ് സൈന്യം ജയിലിന്റെ നിയന്ത്രണം സിവിലിയന്‍ നീതിന്യായ വകുപ്പിന് കൈമാറിയതിനുശേഷം 1934 മുതല്‍ 1963 വരെ അമേരിക്കന്‍ ശിക്ഷാ വ്യ വസ്ഥയിലെ ഏറ്റവും അപകടകാരിയായ കുറ്റവാളികള്‍ക്കുള്ള ഫെഡറല്‍ ജയിലാ യിരുന്നു ഇവിടം.

ഈ ദ്വീപ് ജയിലിനെതിരെ ലോകമെ മ്പാടും വന്‍ പ്രതിഷേധം ഉയര്‍ന്നതോടു കൂടി 1963 മാര്‍ച്ച് 21-ന് ഇത് താല്‍ക്കാലിക മായി അടച്ചുപൂട്ടി. ഇന്ന് ഇതൊരു വിനോദ സഞ്ചാര കേന്ദ്രമാണ്. 1963-ല്‍ ജെ. ക്യാമ്പ് ബെല്‍ ബ്രൂസ് ഈ ജയിലിനെ പശ്ചാത്ത ലമാക്കി 'എസ്കേപ്പ് ഫ്രം ആല്‍കാട്രാ സ്' എന്നൊരു പുസ്തകമെഴുതിയിട്ടുണ്ട്. 1979- ല്‍ ഈ ഗ്രന്ഥത്തെ ആസ്പദമാക്കി ഡോണ്‍ സീഗല്‍ സംവിധാനം ചെയ്ത് ഇതേ പേരില്‍ ത്രില്ലര്‍ സിനിമ ഇറക്കിയി ട്ടുണ്ട്.

സ്റ്റീഫന്‍ ഹോക്കിംഗ്സിന്റെ അവസാനത്തെ പുസ്തകം- ബ്രീഫ് ആന്‍സേഴ്സ് ടു ബിഗ് ക്വസ്റ്റ്യന്‍സ്

## അപ്രത്യക്ഷമാവാൻ പോവുന്ന ദ്വീപ്

ആഗോള താപനത്തെയും കാലാവസ്ഥാ മാറ്റത്തെയും തുടർന്ന് സമുദ്രനിരപ്പ് ക്രമാതീതമായി ഉയരുന്നതിനാൽ നശിക്കാൻ പോവുകയാണ് ലോകത്തെ നാലാമത്തെ ചെറുരാജ്യമായ ടുവാലു എന്ന ദ്വീപ്. തെക്കു പടിഞ്ഞാറൻ ശാന്തസമുദ്രത്തിലെ 9 ചെറു ദ്വീപുകളുടെ കൂട്ടമാണിത്. ഇതിൽ എട്ടെണ്ണത്തിൽ ജനവാസമുണ്ട്. ടുവാലു എന്ന വാക്കിന്റെ അർത്ഥം തന്നെ ഒന്നിച്ചു നിൽക്കുന്ന എട്ട് എണ്ണം എന്നാണ്. പതിനായിരത്തോളം മാത്രം പൗരൻമാരുള്ള ഈ രാജ്യം എപ്പോൾ വേണമെങ്കിലും കടലെടുക്കാം എന്ന സ്ഥിതിയിലാണ്.

സമുദ്രനിരപ്പിൽനിന്നും വെറും നാല് മില്ലിമീറ്റർ മാത്രം ഉയരത്തിലാണ് ടുവാലു സ്ഥിതിചെയ്യുന്നത്. ഇവിടത്തെ ഏറ്റവും ഉയർന്ന പ്രദേശത്തിന് സമുദ്രനിരപ്പിൽ നിന്ന് 4 മീറ്റർ പൊക്കമേ ഉള്ളൂ. 26 ചതുരശ്ര കിലോമീറ്ററാണ് ടുവാലുവിന്റെ വിസ്തീർണ്ണം. ബ്രിട്ടീഷ് രാജ്ഞിയാണ് ഇവിടത്തെ രാഷ്ട്രമേധാവി. 2000-ത്തിലാണ് ടുവാലുവിന് യു.എൻ അംഗത്വം കിട്ടിയത്.

ആഗോള താപന വർധന നിലവിലുള്ള രണ്ട് ഡിഗ്രി സെൽഷ്യസിൽ നിന്ന് 1.5 ആയി കുറച്ചുകൊണ്ടു വന്നില്ലെങ്കിൽ ടുവാലുവിനോടൊപ്പം പെസഫിക്കിലെ നിരവധി ദ്വീപുകൾ വെള്ളത്തിനടിയിലാകും.



## സുഗന്ധ വ്യഞ്ജനങ്ങൾ നിറഞ്ഞ ദ്വീപ്

കരീബിയൻ കടലിന്റെ തെക്കു കിഴക്കെ മൂലയിൽ സ്ഥിതി ചെയ്യുന്ന കുഞ്ഞുരാഷ്ട്രമായ ദ്വീപാണ് ഗ്രനഡ. സുഗന്ധ വ്യഞ്ജനങ്ങൾ പ്രധാന കൃഷിയായതിനാലാണ് സുഗന്ധവ്യഞ്ജനങ്ങളുടെ ദ്വീപ് എന്ന് വിളിക്കപ്പെടുന്നത്. ഗ്രനഡീൻ എന്നറിയപ്പെടുന്ന ദ്വീപസമൂഹത്തിലെ 8 ചെറു ദ്വീപുകൾ കൂടി ഈ രാഷ്ട്രത്തിലാണ്. പടിഞ്ഞാറൻ അർധഗോളത്തിലെ ഏറ്റവും ചെറിയ രാജ്യങ്ങളിലൊന്നായ ഇവിടം വിനോദസഞ്ചാരത്തിന് പേരുകേട്ടതാണ്. സെന്റ് ജോർജ്സ് ആണ് തലസ്ഥാനം. 1498- ൽ ക്രിസ്റ്റഫർ കൊളംബസ് യാത്രാമധ്യേ ഇവിടെ എത്തിച്ചേരുകയും ഇത് സ്പെയിനിന്റേതാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

1763- ലെ പാരീസ് ഉടമ്പടി പ്രകാരം ഈ ദ്വീപുകൾ ബ്രിട്ടന് ലഭിച്ചു. അവരാണ് ഇവിടെ സുഗന്ധവ്യഞ്ജനങ്ങൾ കൃഷി ചെയ്തത്. തോട്ടങ്ങളിൽ പണിയെടുക്കാൻ പടിഞ്ഞാറൻ ആഫ്രിക്കയിൽനിന്ന് ഇംഗ്ലീഷുകാർ ആട്ടിത്തെളിച്ചു കൊണ്ടുവന്ന കറുത്ത വർഗക്കാരായ അടിമകളുടെ പിൻമുറക്കാരാണ് ഇവിടുത്തെ ജനസംഖ്യയിൽ ഭൂരിപക്ഷവും. 20-ാം നൂറ്റാണ്ടോടുകൂടി അടിമകൾ കലാപങ്ങൾ ആരംഭിച്ചു. 1974-ൽ സ്വതന്ത്രമായി.

കേരളത്തിലെ ഏറ്റവും മലിനീകരണം കുറഞ്ഞ പുഴ- കുന്തിപ്പുഴ